പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1232** **06-03-2018-ൽ മറുപടിക്ക്**

**<u>കുലയിടം-കൊരട്ടിച്ചാൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>**

**ചോദ്യം** **ഉത്തരം**

**ശ്രീ.ബി.ഡി. ദേവസ്സി** **ശ്രീ. വി.എസ്. സുനിൽ കുമാർ**

**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചാലക്കുടി കൊടുങ്ങല്ലൂർ മണ്ഡലങ്ങളിലെ മൂന്ന് പഞ്ചായത്തുകളെ കുടിവെള്ളത്തിനും കൃഷിക്കും ഏറെ സഹായകരമാകുന്ന കുലയിടം-കൊരട്ടിച്ചാൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പുന:രുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ലഭിച്ചു എങ്കിലും 1-ാം ഘട്ട പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കുലയിടം-കൊരട്ടിച്ചാൽ തോടിന്റെയും അതിലേയ്ക്ക് വെള്ളം ഒഴുകിയെത്തുന്ന ചെറുതോടുകളുടെയും ആഴം കൂട്ടൽ, ബണ്ട് നിർമ്മാണം എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ലൂയിസുകൾ, സ്ലൂയിസ്-കം കൾവർട്ട് എന്നീ പ്രവർത്തനങ്ങൾ 2017 മെയ് മാസം അവസാനത്തോടുകൂടി 40% പൂർത്തീകരിച്ചു എങ്കിലും തുടർന്ന് പദ്ധതി പ്രദേശത്ത് കാലവർഷം ആരംഭിക്കുകയും കൃഷി ഇറക്കുകയും ചെയ്തതിനാൽ തുടർപ്രവർത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ല. കുലയിടം-കൊരട്ടിച്ചാൽ പ്രദേശത്തെ കൊയ്ത്ത് ജനുവരി അവസാനം പൂർത്തിയായ സാഹചര്യത്തിൽ ആർ.കെ.വി.വൈ പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുന:രാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പദ്ധതി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ തടസ്സം നീക്കി ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനും, 2-ാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**